# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.541 02.12.2014-ൽ മറുപടിക്ക്

ചോദ്യം ഉത്തരം

ശ്രീ. എം.എ ബേബി

ശ്രീ.കെ.എം.മാണി
ധനകാര്യവും നിയമവും ഭവന
നിർമ്മാണവും വകുപ്പു മന്ത്രി

## ബഡ്ജറ്റുകളുടെ ഭാഗമായിട്ടുള്ള അധിക വിഭവ സമാഹരണങ്ങൾ

| | | |
|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അവതരിപ്പിച്ച ബഡ്ജറ്റുകൾ ഓരോന്നും എത്ര കോടി രൂപ വീതമുള്ള അധിക വിഭവ സമാഹരണം ലക്ഷ്യമിടുകയുണ്ടായി; ഓരോ വർഷവും അധിക വിഭവ സമാഹരണത്തിന്റെ ലക്ഷ്യവും നേട്ടവും വിശദമാക്കാമോ; | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 2011-12, 2012-13, 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിൽ അധിക വിഭവ സമാഹരണ മാർഗ്ഗങ്ങളിലൂടെ ലക്ഷ്യമിട്ട വരുമാനം യഥാക്രമം 616, 1512.05, 1138.33, 1556.35 കോടി രൂപയായിരുന്നു. ഇതിൻ പ്രകാരം 2011-12, 2012-13 സാമ്പത്തിക വർഷങ്ങളിൽ 1003.35 കോടി രൂപയും 1580.69 കോടി രൂപയും ലഭിച്ചിട്ടുണ്ട്. 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിൽ അധിക വിഭവ സമാഹരണത്തിലൂടെ ലഭിച്ച വരുമാനത്തിന്റെ വിശദാംശങ്ങൾ തിട്ടപ്പെടുത്തിവരുന്നതേയുള്ളൂ. അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം അധിക വിഭവ സമാഹരണത്തിലൂടെ ലക്ഷ്യമിട്ടതുൾപ്പെടെ, സംസ്ഥാന നികുതി, നികുതിയേതര വരുമാനത്തിൽ 2013-14 സാമ്പത്തിക വർഷം ആകെ 37570.05 കോടി രൂപയും നടപ്പു സാമ്പത്തിക വർഷം സെപ്റ്റംബർ വരെ 19600.85 കോടി രൂപയും ലഭ്യമായിട്ടുണ്ട്. |

| | | |
|---|---|---|
| (ബി) | ബഡ്ജറ്റുകളുടെ ഭാഗമായിട്ടുള്ള അധിക വിഭവ സമാഹരണങ്ങളല്ലാതെ അതിനേക്കാൾ കൂടിയ തുക വരവ് ലക്ഷ്യം വച്ച്കൊണ്ട് ഓർഡിനൻസ് വഴി എന്തെങ്കിലും നികുതി ഏർപ്പെടുത്തുകയുണ്ടായിട്ടുണ്ടോ; ഏതെങ്കിലും കാലയളവിൽ അപ്രകാരം പുതിയ നികുതി ഓർഡിനൻസിലൂടെ നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | സംസ്ഥാന മൂല്യ വർദ്ധിത നികുതി നിയമം 2003 ലെ നികുതി നിർദ്ദേശങ്ങളിൽ വരുത്തിയ ഭേദഗതികൾ, കേരള ഭൂ നികുതി നിയമം- 1961 ലെ നികുതി നിർദ്ദേശങ്ങളിൽ വരുത്തിയ ഭേദഗതികൾ, 1960 ലെ കേരള തോട്ടം നികുതി നിയമത്തിലെ നിർദ്ദേശങ്ങളിൽ വരുത്തിയ ഭേദഗതികൾ, 1963 ലെ കേരള പൊതു വില്പന നികുതി നിയമത്തിലെ നിർദ്ദേശങ്ങളിൽ വരുത്തിയ ഭേദഗതികൾ, 1959 ലെ കേരള മുദ്രപത്ര നിയമത്തിലെ നികുതി നിർദ്ദേശങ്ങളിൽ വരുത്തിയ ഭേദഗതികൾ, കേരള മോട്ടോർ വാഹന നിയമം 1976 ലെ നികുതി നിർദ്ദേശങ്ങളിൽ വരുത്തിയ ഭേദഗതികൾ എന്നിവയാണ് ഓർഡിനൻസിലൂടെ പരിഷ്ക്കരിക്കപ്പെട്ട പ്രധാന നികുതി നിർദ്ദേശങ്ങൾ. |

സെക്ഷൻ ഓഫീസർ